പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 706 — 28.09.2011 —ൽ മറുപടിക്ക്

## പച്ചതൊണ്ട് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) : സംഭരണ സംവിധാനത്തിന്റെ അപര്യാപ്തത മൂലം സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ അമ്പത് ശതമാനം പോലും ചകിരിയാക്കാൻ കഴിയുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ): ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് വ്യാപിച്ചുകിടക്കുന്ന കുടുംബശ്രീ യൂണിറ്റുകളെകൂടി ഉൾപ്പെടുത്തി പച്ചതൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; | ***ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന ബ്ലോക്ക് അടിസ്ഥാനത്തിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങളിൽ തൊണ്ട് സംഭരണത്തിന് ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തിയാണ്.*** |
| *(സി)* : തൊണ്ട് ലഭ്യമാകുന്ന സ്ഥലങ്ങളിൽ യന്ത്രവൽകൃതവും, പരമ്പരാഗതവുമായ മാർഗ്ഗങ്ങളിലൂടെ തൊണ്ട് സംസ്ക്കരിച്ച് ചകിരിയാക്കുന്നതിന് ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുകയും, അവയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | *(സി)* നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിദിനം 2000-3000 തൊണ്ട് വരെ സംസ്ക്കരിക്കാൻ കഴിയുന്ന തരത്തിലുള്ള ചെറിയതരം തൊണ്ട് തല്ല് യന്ത്രങ്ങൾ 3 ഫേസ് കണക്ഷനും അടിസ്ഥാന സൗകര്യങ്ങളുമുള്ള ആവശ്യപ്പെട്ട എല്ലാ കയർ സഹകരണ സംഘങ്ങൾക്കും സൗജന്യമായും, സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും നൽകിവരുന്നുണ്ട്. |
| | സെക്ഷൻ ഓഫീസർ |